# Malayala Manorama
# 27 August 2018
# Thiruvananthapuram, Flood, Rahul Gandhi

## പ്രളയം: രാഹുൽഗാന്ധി നാളെ കേരളത്തിലെത്തും

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കാനും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കാനുമായി കോൺഗ്രസ് അധ്യക്ഷൻ രാഹുൽഗാന്ധി നാളെ കേരളത്തിലെത്തുമെന്ന് കെപിസിസി പ്രസിഡന്റ് എം.എം. ഹസൻ അറിയിച്ചു.

നാളെ രാവിലെ 9.45നു തിരുവനന്തപുരം വിമാനത്താവളത്തിലെത്തുന്ന രാഹുൽഗാന്ധി 10 മണിക്കു ചെങ്ങന്നൂരിലേക്കു പുറപ്പെടും. അവിടെ ദുരിതാശ്വാസ ക്യാംപുകൾ സന്ദർശിച്ചശേഷം 12.30ന് ആലപ്പുഴയിലെത്തും. തുടർന്നു മത്സ്യത്തൊഴിലാളി കോൺഗ്രസിന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികൾക്കു നൽകുന്ന സ്വീകരണ സമ്മേളനത്തിൽ പങ്കെടുക്കും. കെപിസിസിയുടെ 'ആയിരം വീട്' പദ്ധതിയുടെ ചെക്കുകൾ ഏറ്റുവാങ്ങും. അവിടെനിന്നു രണ്ടരയ്ക്കു കൊച്ചിയിലെത്തുന്ന രാഹുൽഗാന്ധി 3.45ന് ആലുവയിലും അഞ്ചിനു പറവൂർ ടൗണിലും ആറിനു ചാലക്കുടിയിലും ക്യാംപുകൾ സന്ദർശിക്കും. രാത്രി എറണാകുളം ഗവ. ഗെസ്റ്റ് ഹൗസിൽ തങ്ങിയശേഷം പിറ്റേന്നു രാവിലെ 9.30ന് എറണാകുളം ഡിസിസിയുടെ ദുരിതാശ്വാസ സഹായയാത്ര ഫ്ലാഗ് ഓഫ് ചെയ്യും. പത്തിനു കോഴിക്കോട്ടേക്കു തിരിക്കും. അവിടെനിന്നു വയനാട് കോട്ടാത്തല വില്ലേജ് സന്ദർശിച്ചശേഷം ഒന്നരയ്ക്കു ഡൽഹിക്കു മടങ്ങും.

ക്യാംപുകളിൽനിന്നു വീടുകളിലേക്കു മടങ്ങുന്നവർക്കു 10,000 രൂപ വീതം ബാങ്കിൽ നിക്ഷേപിക്കുമെന്ന നിർദേശം മാറ്റി ആളുകൾക്കു നേരിട്ടു നൽകാനുള്ള സംവിധാനമുണ്ടാക്കണമെന്നു ഹസൻ ആവശ്യപ്പെട്ടു. നാശനഷ്ടം വിലയിരുത്താനും തുടർനടപടികൾക്കുമായി ജനജാഗ്രതാ സമിതികൾ രൂപീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.